# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തൊമ്പത്

## പൊൻകുടത്തിലെ മന്ന

Sat കഴിഞ്ഞ ദൂതിൽ മന്നയെ അറിയുന്നതിനുള്ള അടിസ്ഥാനം നാം ഇട്ടിരുന്നു. ഈ ദൂതിൽ മറഞ്ഞിരിക്കുന്ന മന്നയെക്കുറിച്ച്, പൊൻകുടത്തിലെ മന്നയെക്കുറിച്ച് നാം ചിന്തിക്കേണ്ടത് ആവശ്യമാണ്.

### മന്നയെ സംബന്ധിച്ച ദൈവത്തിന്റെ കല്പന

വെളിപ്പാട് 2:17-ൽ മറഞ്ഞിരിക്കുന്ന മന്നയെന്ന പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നിടത്ത് കർത്താവായ യേശു പറഞ്ഞു, "ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും." അധഃപതിച്ച ലൗകിക സഭയായ പെർഗ്ഗമൊസിലെ സഭയോടായിരുന്നു ഈ വാക്ക് സംസാരിച്ചത്. അധഃപതിച്ച ക്രിസ്തുമതത്തെ ജയിക്കുന്നവന് കർത്താവ് മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും. മന്നയുൾപ്പെടെ വെളിപ്പാട് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഏകദേശം എല്ലാകാര്യങ്ങളും പഴയനിയമത്തിൽ കാണുവാൻ കഴിയും. മന്നയെ പ്രതിപാദിക്കുന്ന പുറപ്പാട് 16:32-33 പറയുന്നു, "പിന്നെ മോശെ: യഹോവ കല്പിക്കുന്ന കാര്യമാണിത്: ഞാൻ നിങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവരുമ്പോൾ നിങ്ങൾക്ക് മരുഭൂമിയിൽ ഭക്ഷിപ്പാൻ തന്ന ആഹാരം നിങ്ങളുടെ തലമുറകൾ കാണേണ്ടതിന് സൂക്ഷിച്ചുവയ്ക്കുവാൻ അതിൽനിന്ന് ഒരിടങ്ങഴി നിറച്ചെടുക്കേണം എന്നു പറഞ്ഞു. അഹരോനോട് മോശെ: ഒരു പാത്രം എടുത്ത് അതിൽ ഒരു ഇടങ്ങഴി മന്ന ഇട്ട് നിങ്ങളുടെ തലമുറകൾക്കുവേണ്ടി സൂക്ഷിപ്പാൻ യഹോവയുടെ മുമ്പാകെ വച്ചുകൊൾക എന്നു പറഞ്ഞു." ഒരിടങ്ങഴി മന്ന ഒരു കുടത്തിൽ ഇട്ടുവയ്ക്കണമെന്ന് കർത്താവു കല്പിച്ചു. "ഒരിടങ്ങഴി (ഓമർ) ഒരു പറ (ഏഫ) യുടെ പത്തിൽ ഒന്ന് ആകുന്നു" (പുറ. 16:36). ഒരു പറ ഒരു പൂർണ്ണ ഏകകവും, ഒരു ഇടങ്ങഴി ഒരു ഏകകത്തിന്റെ പത്തിൽ ഒന്നും ആകുന്നു. ഈ ചെറിയ ഭാഗം ഒരു കുടത്തിൽ വയ്ക്കുകയും അത് സാക്ഷ്യത്തിനു മുമ്പിൽ സൂക്ഷിച്ചുവയക്കുകയും

ചെയ്തു (പുറ. 16:34). പുറപ്പാടിൽ, സാക്ഷ്യം എന്നത് പെട്ടകത്തിൽ വച്ചിരുന്ന ന്യായപ്രമാണത്തിന്റെ രണ്ടു കല്പലകകളാണ്. ഒരിടങ്ങഴി മന്ന സാക്ഷ്യത്തിനുമ്പിൽ വച്ചു എന്നത്, അത് പെട്ടകത്തിനു വളരെ അടുത്തായിരുന്നു എന്നാണ് അർഥമാക്കുന്നത്. മന്നയുടെ ഈ ഭാഗം മറഞ്ഞിരുന്ന മന്നയായിത്തീർന്നു.

മന്ന സ്വർഗത്തിൽനിന്ന്, ദൈവത്തിൽനിന്ന്, തന്റെ ജനത്തിന് ഒരു സമ്മാനമായി വന്നു. ഇത് ഒരു താൽക്കാലികമായ സമ്മാനമായിരുന്നില്ല; അത് നാല്പതു വർഷം നീണ്ടുനിന്നിരുന്ന ഒരു സമ്മാനമായിരുന്നു. ഓരോ പ്രഭാതത്തിലും യിസ്രായേൽമക്കളെ പോഷിപ്പിക്കുവാനും തൃപ്തിപ്പെടുത്തുവാനുമായി ഈ സമ്മാനം സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരുന്നു. അവരെ തൃപ്തരാക്കിയശേഷം ദൈവം പറഞ്ഞുകാണും, "നിങ്ങൾ ആസ്വദിച്ചത് ഒരു ഇടങ്ങഴി എടുക്കുകയും, മരുഭൂമിയിൽ നിങ്ങൾ അലഞ്ഞുതിരിഞ്ഞപ്പോൾ നിങ്ങൾ ഈ സ്വർഗീയ ആഹാരം ആസ്വദിച്ചുവെന്ന് വരുന്ന തലമുറ ഓർക്കേണ്ടതിന് ഒരു സാക്ഷ്യവും ഒരു സ്മാരകവുമായി അതിനെ എന്റെ മുമ്പാകെ വയ്ക്കുകയും ചെയ്യുവിൻ." ജനത്തിന്റെ പങ്കായ തുറന്ന മന്ന ദൈവത്തിൽനിന്ന് വരുകയും, ദൈവത്തിന്റെ പങ്കായ മറഞ്ഞിരുന്ന മന്ന ദൈവത്തിനു തിരികെ അർപ്പിക്കുകയും ചെയ്തു.

## ദേശത്തിലെ വിളവിന്റെ ദശാംശം

ഇനി നാം ദശാംശം, വിളവിന്റെ പത്തിലൊന്ന് എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കണം. യിസ്രായേൽമക്കൾ അവരുടെ ഏറ്റവും ഉത്തമ പങ്കായ, മുന്തിയ പത്തിലൊന്ന് എടുക്കുകയും, അത് ദൈവത്തിന് അർപ്പിക്കുകയും ചെയ്യണമായിരുന്നു (ആവ. 14:22-23). എല്ലാ വിളവും ദൈവത്തിൽനിന്നും വന്നതായിരുന്നു. ദൈവം യിസ്രായേൽമക്കൾക്കു നല്കിയ വിളവിന്റെ പത്തിലൊന്ന് ദൈവത്തിന് തിരികെ നല്കണമെന്ന് ദൈവം നിയോഗിച്ചു. വിളവിന്റെ ഭൂരിഭാഗവും ജനത്തിനുള്ളതായിരുന്നു, എന്നാൽ ദശാംശം ദൈവത്തിന്റെ ഓഹരിയായി ദൈവത്തിന് അർപ്പിച്ചിരുന്നു. ദൈവത്തിന് അർപ്പിച്ചിരുന്ന ദശാംശം പുരോഹിതന്മാർക്കും ലേവ്യർക്കും പോകുകയും (സംഖ്യ. 18:21) അവർ സ്വീകരിച്ച ദശാംശത്തിന്റെ പത്തിലൊന്നെടുത്ത് അവർ അത് ദൈവത്തിന് അർപ്പിക്കുകയും ചെയ്തു. പത്തിലൊന്നിന്റെ ഈ പത്തിലൊന്ന് അതിവിശുദ്ധസ്ഥലത്തു ശുശ്രൂഷിക്കുന്ന മഹാപുരോഹിതനു പോയിരുന്നു (സംഖ്യ. 18:26, 28-29). ഞാൻ ആവർത്തിക്കട്ടെ, യിസ്രായേൽമക്കൾ അവരുടെ വിളവിന്റെ പത്തിലൊന്ന് ദൈവത്തിന്റെ ഓഹരിയായി ദൈവത്തിന് അർപ്പിച്ചു. അത് ദൈവത്തിന് അർപ്പിച്ചശേഷം, അത് സേവിക്കുന്നവർക്ക്, കൂടാരത്തിൽ സേവ ചെയ്തിരുന്ന പുരോഹിതന്മാർക്കും ലേവ്യർക്കും കൊടുത്തു. പിന്നീട് പുരോഹിതന്മാരും ലേവ്യരും

ഈ മുന്തിയ പത്തിലൊന്നെടുത്ത് ദൈവത്തിന് അർപ്പിച്ചു. അതു പിന്നീട് അതിവിശുദ്ധസ്ഥലത്തു ശുശ്രൂഷിക്കുന്ന മഹാപുരോഹിതനു കൊടുത്തു. പ്രാകാരത്തിൽ സേവിച്ചിരുന്ന ലേവ്യർക്കും, പ്രാകാരത്തിലും വിശുദ്ധസ്ഥലത്തും സേവിച്ചിരുന്ന പുരോഹിതന്മാർക്കും യിസ്രായേൽമക്കൾ അർപ്പിച്ച പത്തിലൊന്നു മാത്രമേ ആസ്വദിക്കുവാൻ കഴിഞ്ഞുള്ളൂ. അതിവിശുദ്ധസ്ഥലത്തിൽ സേവിച്ചിരുന്ന മഹാപുരോഹിതനു മാത്രമേ പത്തിലൊന്നിന്റെ പത്തിലൊന്ന്, നല്ലദേശത്തിന്റെ വിളവിന്റെ പരമോന്നതമായ പങ്ക്, ആസ്വദിക്കുവാൻ വിശേഷാധികാരമുണ്ടായിരുന്നുള്ളൂ. അങ്ങനെ, നാം എത്രയധികം സേവിക്കുന്നുവോ, അത്രയുമധികം നാം ദൈവത്തിന്റെ പങ്കായ പരമോന്നതമായ പങ്ക് ആസ്വദിക്കും.

LD ## മറഞ്ഞിരിക്കുന്ന മന്ന ദൈവത്തിന്റെ പങ്കാകുന്നു

യിസ്രായേൽമക്കൾ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞപ്പോൾ (ശബ്ബത്തുദിവസം ഒഴികെയുള്ള) എല്ലാ ദിവസവും ദൈവം അവർക്ക് ഒരു സമ്മാനമായി സ്വർഗത്തിൽനിന്നും മന്ന കൊടുത്തു. മന്നയെന്ന ഈ സമ്മാനം അവരെല്ലാവരും ആസ്വദിച്ചു. പിന്നീട് ദൈവം ഇങ്ങനെ പറഞ്ഞതുപോലെ തോന്നുന്നു, "ഞാൻ നിങ്ങൾക്കു തന്ന മന്നയുടെ ഒരു പങ്ക്, ഒരു പറയുടെ പത്തിലൊന്നെടുത്ത് എന്റെ സാക്ഷ്യത്തിനുമുമ്പിൽ വയ്ക്കുക." മന്നയുടെ ഈ പങ്ക് ദൈവത്തിനു വേണ്ടിയായിരുന്നു. തുറന്ന മന്ന ജനത്തിന്റെ പങ്കും, ദൈവത്തിന്റെ സാക്ഷ്യത്തിനു മുമ്പിലുള്ള കുടത്തിലുള്ള ഈ അർപ്പിക്കപ്പെട്ട മറഞ്ഞിരിക്കുന്ന മന്ന ദൈവത്തിന്റെ പങ്കുമായിരുന്നു. യിസ്രായേൽമക്കൾ നല്ലദേശത്തിലേക്കു പ്രവേശിച്ചതിനുശേഷം വിളവ് അർപ്പിച്ചതിന്റെ തത്ത്വവും ഇതുതന്നെയായിരുന്നു. അവർ ദേശത്തിലായിരുന്നപ്പോൾ ദൈവം പിന്നീട് മന്ന അയച്ചില്ല, കാരണം അവരുടെ ജീവനത്തിനു വേണ്ടിയിരുന്നതെല്ലാം നല്ലദേശം അവർക്ക് നല്കിയിരുന്നു. അങ്ങനെ, മന്ന ശേഖരിക്കുന്നതിനുപകരം അവർ നല്ലദേശത്തിന്റെ വിളവ് കൊയ്യുകയായിരുന്നു. ഇതിനെ സംബന്ധിച്ച്, ദൈവം അവരോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നിങ്ങൾ കൊയ്ത്ത സകല വിളവിന്റെയും പത്തിലൊന്ന് എനിക്കു തരിക." കൂടാരത്തിലും അതിനു ചുറ്റിലും സേവിച്ചിരുന്ന പുരോഹിതന്മാർക്കും ലേവ്യർക്കും ഈ പത്തിലൊന്ന് നല്കിക്കൊണ്ട് യിസ്രായേൽമക്കൾ അങ്ങനെ ചെയ്തു. പിന്നീട് അവർ ജനത്തിൽനിന്ന് സ്വീകരിച്ചതിന്റെ പത്തിലൊന്ന് എടുത്ത് ദൈവത്തിന് അർപ്പിക്കുവാൻ ദൈവം പുരോഹിതന്മാരോടും ലേവ്യരോടും പറഞ്ഞു. മുന്തിയതിൽ മുന്തിയതെന്ന് വിശേഷിപ്പിക്കാവുന്ന ഈ പങ്ക് മഹാപുരോഹിതന് അവന്റെ പങ്കായി നല്കപ്പെട്ടു. അതിവിശുദ്ധസ്ഥലത്തു ശുശ്രൂഷിക്കുന്ന മഹാപുരോഹിതനു മാത്രമാണ് ഈ പരമോന്നതമായ പങ്ക് ആസ്വദിക്കുവാനുള്ള വിശേഷാധികാരമുണ്ടായിരുന്നത്.

ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ, മറഞ്ഞിരിക്കുന്ന മന്ന ദൈവത്തിനുള്ള പങ്കാണെന്ന് നാം കാണുന്നു. മറഞ്ഞിരിക്കുന്ന മന്നയുടെ അടിസ്ഥാന ആശയം അത് ദൈവത്തിന്റെ പങ്കായിരുന്നു എന്നാണ്. കഴിഞ്ഞ നാളുകളിൽ, "ഒരു ഇടങ്ങഴി പറയുടെ പത്തിലൊന്നാകുന്നു" എന്നു പറയുന്ന പുറപ്പാട് 16:36 വായിക്കുമ്പോഴെല്ലാം ഞാൻ അസ്വസ്ഥനാക്കപ്പെട്ടിരുന്നു. ഈ വാക്യം ആവശ്യമില്ലാത്തതാണെന്നു ചിന്തിക്കുകയും, എന്തുകൊണ്ട് മോശെ ഇത് ഉൾപ്പെടുത്തിയെന്ന് ഞാൻ അത്ഭുതപ്പെടുകയും ചെയ്തിരുന്നു. ദൈവത്തിന്റെ സാക്ഷ്യത്തിനുമുമ്പിൽ ഒരിടങ്ങഴി മന്ന ഒരു കുടത്തിൽ ഇട്ടുവയ്ക്കുന്നതിന്റെ പ്രാധാന്യം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ഈയിടെ മാത്രമാണ് കർത്താവ് ഇതിനെക്കുറിച്ച് എനിക്ക് പ്രകാശിപ്പിച്ചു നല്കുകയും പത്താമത്തേത് ഏറ്റവും നല്ല പങ്ക്, ദൈവത്തിനുള്ള പങ്കാണെന്ന് ഞാൻ കാണുകയും ചെയ്തത്. നമുക്ക് ഒരു സമ്മാനമായി ദൈവം നല്കിയ ക്രിസ്തുവിനെയാണ് മന്ന സൂചിപ്പിക്കുന്നത്. നമ്മുടെ മന്നയായി നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ നാം ഏറ്റവും നല്ല പങ്ക് എടുക്കുകയും, നാം ക്രിസ്തുവിനെ അർപ്പിച്ചുകൊണ്ട്, അതിനെ ദൈവത്തിന് അർപ്പിക്കുകയും വേണം.

നാം മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കണമെങ്കിൽ, ആദ്യം തുറന്ന മന്ന ഭക്ഷിക്കണം. നാം തുറന്ന മന്നയെ അനുഭവമാക്കുന്നില്ലെങ്കിൽ, മറഞ്ഞിരിക്കുന്ന മന്നയായി ദൈവത്തിന് അർപ്പിക്കുവാൻ നമുക്ക് മന്ന ഉണ്ടായിരിക്കുകയില്ല. മറഞ്ഞിരിക്കുന്ന മന്നയാണ് നാം അനുഭവമാക്കുകയും, ആസ്വദിക്കുകയും, എന്നിട്ട് ദൈവത്തിന് അർപ്പിക്കുകയും ചെയ്യുന്നതായ മന്ന. ഒടുവിൽ, നമുക്ക് ദൈവവുമായി വളരെ ഹൃദ്യമായ ബന്ധമുള്ളതുകൊണ്ട്, അവൻ പറയും, "എന്റെ തീൻമുറിയിലേക്കു വന്ന് എന്നോടുകൂടെ ഭക്ഷിക്കുക." നിങ്ങളുടെ തുറന്ന മന്നയായി ക്രിസ്തുവിനെ നിങ്ങൾ ഒരിക്കലും ആസ്വദിച്ചിട്ടില്ലെങ്കിൽ നിങ്ങളുടെ മറഞ്ഞിരിക്കുന്ന മന്നയായി ക്രിസ്തുവിനെ നിങ്ങൾ പെട്ടെന്ന് ആസ്വദിക്കുമെന്ന് ചിന്തിക്കരുത്. ഇല്ല, മറഞ്ഞിരിക്കുന്ന മന്ന വരുന്നത് തുറന്ന മന്ന നാം ആസ്വദിക്കുന്നതിൽനിന്നാണ്. നാം മന്ന ആസ്വദിക്കുകയും, "ദൈവമേ, ഞാൻ ആസ്വദിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെ ഞാൻ നിനക്ക് അർപ്പിക്കുന്നു. എന്റെ പങ്കായി നീ എനിക്ക് ക്രിസ്തുവിനെ നല്കി, ഇപ്പോൾ ഞാൻ നിന്റെ പങ്കായി അവന്റെ ഏറ്റവും നല്ല പങ്ക് നിനക്ക് നല്കുന്നു" എന്നു പറഞ്ഞുകൊണ്ട് നാം ആസ്വദിക്കുന്ന മന്നയിൽനിന്നും ഒരു ചെറിയ പങ്ക് ദൈവത്തിന് അർപ്പിക്കുകയും ചെയ്യുന്നു. ഇതിന് ദൈവം പറയും, "കുഞ്ഞേ, എന്റെ അതിവിശുദ്ധസ്ഥലത്തേക്കു വന്ന് എന്നോടുകൂടെ ഈ പങ്ക് ആസ്വദിക്കുക." ഇതാണ് മറഞ്ഞിരിക്കുന്ന മന്ന.

നമ്മുടെ അനുഭവത്തെ നമുക്കു പരിഗണിക്കാം. നമ്മുടെ ദിനംപ്രതിയുള്ള സഹായമായി പൊതുവായ രീതിയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, "ദൈവമേ, നീ എനിക്കു തന്ന ക്രിസ്തുവിനായി ഞാൻ നിനക്ക് എത്രമാത്രം നന്ദി പറയുന്നു. ഞാൻ അവനെ വളരെയധികം ആസ്വദിച്ചു. ഇപ്പോൾ അവന്റെ ഉത്തമ ഭാഗം നിനക്ക് അർപ്പിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു" എന്നു പറഞ്ഞുകൊണ്ട് നാം ആസ്വദിച്ച അതേ ക്രിസ്തുവിനെ തിരികെ ദൈവത്തിന് അർപ്പിക്കുവാൻ നാം സ്വതേ ആഗ്രഹിക്കുന്നു. ഇതാണ് ഇടങ്ങഴി മന്ന, ദൈവത്തിന് തിരികെ അർപ്പിക്കുന്ന മന്നയുടെ ശ്രേഷ്ഠഭാഗം. ഈ പങ്ക് സകല ദൈവജനത്തിനും ഉള്ളതല്ല; ഇത് അതിവിശുദ്ധസ്ഥലത്തിൽ വളരെ ഹൃദ്യമായ രീതിയിൽ അവനെ സേവിക്കുന്നവർക്കുവേണ്ടി മാത്രമുള്ളതാണ്. ഇതാണ് പൊതുവായ രീതിയിൽ നാം ആസ്വദിക്കുന്ന മന്നയിൽനിന്നു വരുന്ന മറഞ്ഞിരിക്കുന്ന മന്ന.

ദൈവം നമ്മുടെ ആഹാരമായി ക്രിസ്തുവിനെ തന്നിരിക്കുന്നുവെന്ന് ഞാൻ പിന്നെയും പറയുന്നു. നാം അവനെ ആഹാരമായി ആസ്വദിക്കുമ്പോൾ നാം കൃതജ്ഞതാപൂർവം അവനെ ദൈവത്തിന് തിരികെ അർപ്പിക്കുന്നു. ഈ രീതിയിൽ ക്രിസ്തു, ദൈവത്തിന് തന്റെ പങ്കായി നാം അർപ്പിക്കുന്ന നമ്മുടെ ആസ്വാദനത്തിന്റെ ശ്രേഷ്ഠഭാഗമായിത്തീരുന്നു. ദൈവം ഇതിൽ പ്രസാദിക്കുകയും, അതിനെ സ്വീകരിക്കുകയും ചെയ്തുകൊണ്ട് പറയുന്നു, "നീ ഇപ്പോൾ പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തോ എന്നെ സേവിക്കാതെ, എന്നോടുകൂടെ അതിവിശുദ്ധസ്ഥലത്തുള്ളതിനാൽ, നീ എനിക്ക് അർപ്പിച്ചതിനെക്കൊണ്ട് നിന്നെ സേവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്നോടുകൂടെ ക്രിസ്തുവിന്റെ ശ്രേഷ്ഠഭാഗം ആസ്വദിക്കുവാൻ ഞാൻ നിന്നോട് ആവശ്യപ്പെടുന്നു." ഇത് എത്ര മനോഹരമാണ്! ഇത് നമ്മുടെ അനുഭവവുമായും വേദപുസ്തകത്തിലെ മുഴുവൻ വെളിപ്പാടുമായും, വെളിപ്പാട് 2:17-മായും വളരെ യോജിക്കുന്നു. മറഞ്ഞിരിക്കുന്ന മന്നയായി ക്രിസ്തുവിനെ ആസ്വദിക്കുന്നത് പൊടുന്നനെയുള്ള ഒരു അനുഭവമല്ല; അതിനു പിന്നിൽ ഒരു ചരിത്രമുണ്ടായിരിക്കണം.

## നിരവധി പാളികളിൻകീഴെ മറഞ്ഞിരിക്കുന്നു

മറഞ്ഞിരിക്കുന്ന മന്ന ഏറ്റവും കുറഞ്ഞത് നാല് പാളികളിൻകീഴിൽ മറഞ്ഞിരുന്നു. യിസ്രായേൽമക്കളുടെ ഇടയിൽ കൂടാരവും, കൂടാരത്തിനുള്ളിൽ അതിവിശുദ്ധസ്ഥലവും, അതിവിശുദ്ധസ്ഥലത്തിനുള്ളിൽ പെട്ടകവും, പെട്ടകത്തിനുള്ളിൽ പൊൻകുടവും ഉണ്ടായിരുന്നു. മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുവാൻ ആഗ്രഹിച്ചിരുന്ന ഒരുവൻ ആദ്യം യിസ്രായേൽമക്കളുടെ ഇടയിൽ ആയിരിക്കണം. രണ്ടാമതായി, അവൻ കൂടാരത്തിലേക്ക്

പ്രവേശിക്കണം. പിന്നെ അവൻ അതിവിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിക്കേണ്ടതായുണ്ട്. അതിനുശേഷം മറഞ്ഞിരിക്കുന്ന മന്ന വച്ചിരിക്കുന്ന പൊൻകുടത്തെ ഉൾക്കൊള്ളുന്ന പെട്ടകത്തിലേക്ക് അവൻ കടക്കണം.

നമ്മുടെ ഇന്നത്തെ സാഹചര്യത്തോട് ഇതിനെ പ്രയോഗിക്കുമ്പോൾ, സഭാജീവിതത്തിനു വെളിയിൽ മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കുന്നത് അസാധ്യമാണെന്നു നാം കാണുന്നു. സഭാജീവിതത്തിൽ നമുക്ക് വിവിധ സേവന കൂട്ടങ്ങളുണ്ട്. എന്നാൽ ഈ സേവന കൂട്ടങ്ങൾ ലേവ്യരുടെ സേവനമായതിനാൽ പ്രാകാരത്തിൽ മാത്രമാണുള്ളത്. എന്നിരുന്നാലും ഈ പ്രാകാര സേവനത്താൽ നാം വിശുദ്ധസ്ഥലത്തേക്ക് ആനയിക്കപ്പെടുന്നു. വിശുദ്ധസ്ഥലത്തിലൂടെ നാം അതിവിശുദ്ധസ്ഥലത്തിലേക്കും പ്രവേശിക്കുന്നു. നാം ഒരു സേവന കൂട്ടത്തിൽ ചേരുന്നതിനു മുമ്പ് നാം പ്രാകാരത്തിൽപോലും ആയിരുന്നില്ലെന്നും നാം തെരുവിലായിരുന്നുവെന്നും നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്നാൽ നാം മറ്റുള്ളവരോടുകൂടെ സേവിക്കുമ്പോൾ ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് നാം വിശുദ്ധസ്ഥലത്താണെന്ന അനുഭൂതി നമുക്കുണ്ട്. ഈ ആസ്വാദനത്തിലൂടെ മറഞ്ഞിരിക്കുന്ന മന്ന ഇരിക്കുന്നിടമായ അതിവിശുദ്ധസ്ഥലത്തിലേക്ക് നാം പ്രവേശിക്കുന്നു.

## കൂടാരത്തിൽ ഭക്ഷിക്കുന്നതിന്റെ മൂന്നു ഘട്ടങ്ങൾ

കൂടാരത്തിൽ ഭക്ഷിക്കുന്നതിന്റെ മൂന്നു ഘട്ടങ്ങളുണ്ട്: യാഗപീഠത്തിനു ചുറ്റുമുള്ള യാഗവസ്തുക്കൾ ഭക്ഷിക്കുന്നതും, വിശുദ്ധസ്ഥലത്തുള്ള കാഴ്ചയപ്പം ഭക്ഷിക്കുന്നതും, അതിവിശുദ്ധസ്ഥലത്തുള്ള പൊൻകുടത്തിലെ മറഞ്ഞിരിക്കുന്ന മന്ന ഭക്ഷിക്കുന്നതും. യാഗപീഠത്തിൽ ക്രിസ്തുവിനെ ആസ്വദിക്കുന്നത് നമ്മെ വിശുദ്ധസ്ഥലത്തേക്ക് ആനയിക്കുന്നു, അവിടെ നാം നേർമയായ രീതിയിൽ അവനെ ആസ്വദിക്കുന്നു. മേശയിലെ കാഴ്ചയപ്പം യാഗപീഠത്തിലെ യാഗവസ്തുക്കളെക്കാൾ വളരെയധികം നേർമയുള്ളതാണ്. ഇത് വെറുമൊരു ഉപദേശമല്ല; ഇത് നമ്മുടെ അനുഭവത്താൽ തെളിയിക്കുവാൻ കഴിയും. നമ്മുടെ കാഴ്ചയപ്പമായി നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ നാം അപ്പോഴും വ്യത്യസ്തമായ ഒന്ന് അനുഭവമാക്കുകയും, "ഞാൻ ഇതിനുമുമ്പ് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒന്ന് ഭക്ഷിച്ചുകൊണ്ട് ഞാൻ അതിവിശുദ്ധസ്ഥലത്തിലാണ്" എന്നു പറയുകയും ചെയ്യുന്നു. ഇതാണ് മറഞ്ഞിരിക്കുന്ന മന്ന.

## ഉദർച്ചാർപ്പണം

പഴയനിയമത്തിൽ രണ്ടു സവിശേഷ യാഗങ്ങളുണ്ട്— ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന

നീരാജനാർപ്പണവും, ഉയർത്തപ്പെട്ട, ആരോഹണം ചെയ്യുവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഉദർച്ചാർപ്പണവും (പുറ. 29:26-28). അഹരോനുവേണ്ടി ദൈവത്തിന് അർപ്പിക്കുന്ന പത്തിലൊന്നിന്റെ പത്തിലൊന്ന് ഒരു ഉദർച്ചാർപ്പണമായിരുന്നു (സംഖ്യ. 18:28). നാം പ്രാകാരത്തിലും വിശുദ്ധസ്ഥലത്തിലും ക്രിസ്തുവിനെ അനുഭവമാക്കുമ്പോൾ, നാം നീരാജന ക്രിസ്തുവിനെ മാത്രമല്ല, ഉദർച്ചർപ്പണ ക്രിസ്തുവിനെയും ആസ്വദിക്കുന്നു, ഉയിർപ്പിക്കപ്പെട്ട ക്രിസ്തുവിനെ മാത്രമല്ല, ഉയർത്തപ്പെട്ട, ഉന്നതമാക്കിയ ക്രിസ്തുവിനെയും ആസ്വദിക്കുന്നു. ഇത് അർഥമാക്കുന്നത് നാം ആത്യന്തികമായി ദൈവത്തിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ വിശേഷ പങ്കിനെ ആസ്വദിച്ചുകൊണ്ട് അതിവിശുദ്ധസ്ഥലത്തിൽ ആയിരിക്കും എന്നാണ്.

## ദിവ്യസ്വഭാവത്തിൽ മറഞ്ഞിരിക്കുന്നു

ജയാളികൾക്ക് കർത്താവ് മറഞ്ഞിരിക്കുന്ന മന്ന കൊടുക്കുമെന്ന് വെളിപ്പാട് 2:17 പറയുന്നുവെന്ന് നാം കണ്ടു. നമ്മുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു എന്ന് കൊലൊസ്യർ 3:3 പറയുന്നു. വെളിപ്പാട് 2:17-ൽ പ്രതിപാദിച്ചിരിക്കുന്ന മറഞ്ഞിരിക്കുന്ന മന്ന ഒരു പൊൻകുടത്തിൽ മറച്ചിരിക്കുകയായിരുന്നു (എബ്രാ. 9:4). വേദപുസ്തകത്തിൽ പൊന്ന് ദിവ്യസ്വഭാവത്തെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, പൊൻകുടത്തിലെ മറഞ്ഞിരിക്കുന്ന മന്ന സൂചിപ്പിക്കുന്നത് ദിവ്യസ്വഭാവത്തിനുള്ളിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ പരമോന്നതമായ പങ്കിനെയാണ്. ദിവ്യസ്വഭാവം പെട്ടകത്തിലും, നാം കണ്ടതുപോലെ പെട്ടകം ക്രിസ്തുവും ആണ്. ഇന്ന് ഈ പെട്ടകം അതിവിശുദ്ധസ്ഥലത്തോടു യോജിപ്പിച്ചിരിക്കുന്ന നമ്മുടെ ആത്മാവിലാണ്. നമ്മുടെ ആത്മാവിൽ നമുക്ക് അതിവിശുദ്ധസ്ഥലവും, അതിവിശുദ്ധസ്ഥലത്തിൽ നമുക്ക് പെട്ടകമായ ക്രിസ്തുവും, ക്രിസ്തുവിനുള്ളിൽ നമുക്ക് ദിവ്യസ്വഭാവമായ പൊൻകുടവും ഉണ്ട്. ഇവിടെ, ദിവ്യസ്വഭാവത്തിനുള്ളിലാണ് മറഞ്ഞിരിക്കുന്ന മന്ന. എന്താണ് മറഞ്ഞിരിക്കുന്ന മന്ന? അത് ദിവ്യസ്വഭാവത്തിൽ മറച്ചിരിക്കുന്ന നമ്മുടെ വിശേഷ പങ്കായ ക്രിസ്തുവാണ്. പൊൻകുടത്തെ നാം സ്പർശിക്കുന്ന സ്ഥലത്തിൽ നാം ആയിരിക്കുമ്പോൾ നാം പൂർണമായും ലോകത്തിനും, നമ്മുടെ സ്വയത്തിനും, നമ്മുടെ സ്വാഭാവിക മനുഷ്യനും വെളിയിലാണ്. നാം ദിവ്യസ്വഭാവത്തെ സ്പർശിക്കുകയും, ദിവ്യസ്വഭാവത്തിൽ നാം മറഞ്ഞിരിക്കുന്ന മന്നയിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.

നിങ്ങളുടെ അനുഭവത്തെ പരിശോധിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഒരു സേവന കൂട്ടത്തിൽ ചേർന്നതിനുശേഷം നിങ്ങൾ സഭാജീവിതത്തിലേക്കു കൂടുതലായി ആനയിക്കപ്പെടുകയും, നിങ്ങൾ നേർമയായ ചിലത്

അനുഭവിക്കുവാൻ തുടങ്ങുകയും ചെയ്യു. ഒടുവിൽ, നിങ്ങൾ ദൈവത്തോട് അടുക്കുകയും അവനുമായി ഹൃദ്യമായ ബന്ധത്തിൽ ആയിരിക്കുകയും ചെയ്യു. ചില സന്ദർഭങ്ങളിൽ, നിങ്ങൾ ദൈവത്തോട് വളരെ അടുക്കുകയും, ലോകത്തിനും നിങ്ങളുടെ സ്വയത്തിനും നിങ്ങളുടെ സ്വാഭാവിക ആളത്തത്തിനുംപോലും അപ്പുറമായിരിക്കുകയും ചെയ്യു. നിങ്ങൾ അവന്റെ സ്വഭാവത്തിൽ ദൈവത്തോടുകൂടെ മറ്റൊരു വ്യക്തിയായിരുന്നു. നിങ്ങൾ ദിവ്യസ്വഭാവത്തെ സ്പർശിച്ചപ്പോൾ നിങ്ങൾ പൊൻകുടത്തെ സ്പർശിക്കുകയും, അതിനുള്ളിൽ മറഞ്ഞിരുന്ന മന്ന ആസ്വദിക്കുകയും, ദിവ്യസ്വഭാവത്തിൽ മറഞ്ഞിരുന്ന നിങ്ങളുടെ പങ്കായ ക്രിസ്തുവിനെ ആസ്വദിക്കുകയും ചെയ്യു.

നാം കാണാൻപോകുന്നതുപോലെ, തളിർക്കുന്ന വടി മറഞ്ഞിരിക്കുന്ന മന്നയ്ക്കുശേഷം വരുകയും, ജീവപ്രമാണം തളിർക്കുന്ന വടിയെ പിന്തുടരുകയും ചെയ്യുന്നു. ഈ മൂന്ന് നിർണ്ണായക വസ്തുക്കളായ പെട്ടകത്തിലെ ഉള്ളടക്കങ്ങൾ ഇങ്ങനെയുള്ള ഒരു ക്രമത്തിൽ വച്ചിരിക്കുന്നു. ഒന്നാമത് നാം മറഞ്ഞിരിക്കുന്ന മന്ന ആസ്വദിക്കണം. പിന്നെ മറഞ്ഞിരിക്കുന്ന മന്നയുടെ ആസ്വാദനത്തിൽനിന്ന് നമ്മുടെ വടി തളിർക്കുകയും, അതിനുശേഷം നമുക്ക് ജീവപ്രമാണം ഉണ്ടായിരിക്കുകയും ചെയ്യും. വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രം മറഞ്ഞിരിക്കുന്ന മന്ന അനുഭവമാക്കുന്നതുകൊണ്ട്, അവരുടെ വടി തളിർക്കാതിരിക്കുകയും, വളരെ അപൂർവമായി മാത്രം ജീവപ്രമാണത്താൽ ജീവിക്കുന്ന ഒരുവനെ നാം കണ്ടെത്തുകയും ചെയ്യുന്നു. അവർക്ക് അനുഭവമില്ലാത്തതുകൊണ്ട് മറഞ്ഞിരിക്കുന്ന മന്നയെയും, തളിർക്കുന്ന വടിയെയും, ജീവപ്രമാണത്തെയും സംബന്ധിച്ച വേദപുസ്തകത്തിലെ വിവരണം അവർ മനസ്സിലാക്കുന്നില്ല. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഈ എല്ലാ സമ്പത്തുകളും നമ്മുടെ ഇടയിൽ പ്രത്യുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

നാം മറഞ്ഞിരിക്കുന്ന മന്നയിൽനിന്ന് പങ്കുകൊള്ളുമ്പോൾ, നാം യാഗപീഠത്തിലുള്ള ഒരു ക്രിസ്തുവിനെയല്ല അനുഭവമാക്കുന്നതും, കാഴ്ചയപ്പത്തിന്റെ മേശയിലുള്ള ഒരു ക്രിസ്തുവിൽനിന്നല്ല പങ്കുകൊള്ളുന്നതും. നാം പെട്ടകത്തിനുള്ളിലെ പൊൻകുടത്തിൽ ഇരിക്കുന്നവനായ ഒരു ക്രിസ്തുവിനെയാണ് ആസ്വദിക്കുന്നത്. ഇവിടെ നാം ലോകത്തിനും ഏതു സാഹചര്യത്തിനും അപ്പുറത്താണ്. ദിവ്യസ്വഭാവത്തെ സ്പർശിച്ചുകൊണ്ടും അതിൽനിന്ന് പങ്കുകൊണ്ടും നാം നമുക്കും നമ്മുടെ സ്വാഭാവിക ആളത്തത്തിനും അപ്പുറത്താണ്. 2 പത്രൊസ് 1:4 പറയുന്നു, "അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ദിവ്യ സ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ." നാം

പൊൻകുടത്തെ സ്പർശിക്കുന്നില്ലെങ്കിൽ ദിവ്യസ്വഭാവത്തിൽ പങ്കെടുക്കുവാൻ പ്രയാസമായിരിക്കും. ദിവ്യസ്വഭാവം ഇവിടെ പെട്ടകത്തിലെ പൊൻകുടത്തിലുണ്ട്. പൊൻകുടത്തിൽ, അതായത് ദിവ്യസ്വഭാവത്തിൽ, നമ്മുടെ വിശേഷ പങ്കായ മറഞ്ഞിരിക്കുന്ന മന്നയുണ്ട്. ഇവിടെയാണ് നാം മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ, നമ്മോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നവനും, ദൈവത്തിൽ നാം അവനോടുകൂടെ മറഞ്ഞിരിക്കുന്നവനുമായ ക്രിസ്തുവിനെ ആസ്വദിക്കുന്നത്. ദൈവത്തിൽ മറഞ്ഞിരിക്കുന്ന ക്രിസ്തു പൊൻകുടത്തിൽ മറഞ്ഞിരിക്കുന്ന മന്നയാണ്. ഇവിടെ ക്രിസ്തു മറഞ്ഞിരിക്കുന്ന മന്നയും, ഇവിടെ നാമും അവനോടുകൂടെ ദിവ്യസ്വഭാവത്തിൽ മറഞ്ഞിരിക്കുന്നവരും ആണ്.

കൂടാരത്തിൽനിന്നും വളരെ ദൂരെ നാം മരുഭൂമിയിലായിരിക്കുന്നുവെങ്കിൽ ദൈവത്തിന്റെ കരുണയാൽ നമുക്ക് അപ്പോഴും മരിഭൂമിയിലെ ഒരു സാധാരണ അനുഭവമായി തുറന്ന മന്ന ആസ്വദിക്കുവാൻ കഴിയും. എന്നാൽ അത് വളരെ ആഴംകുറഞ്ഞതും, വളരെ പുറമേയുള്ളതും, വളരെ അകലെയുമാണ്. നാം അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കണമെന്നും, പൊൻകുടത്തെ സ്പർശിച്ചുകൊണ്ട് അവനോട് വളരെ ഹൃദ്യമായും അടുത്തും ഇരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. സ്വർഗീയമായ മറഞ്ഞിരിക്കുന്ന മന്നയെന്ന നിലയിൽ മറഞ്ഞിരിക്കുന്ന ക്രിസ്തു ഇവിടെ ദൈവത്തിന്റെ ദിവ്യസ്വഭാവത്തിലുണ്ട്. മറ്റൊരിടത്തും നമുക്ക് അവനെ കണ്ടെത്തുവാൻ കഴിയുകയില്ല. ഇന്ന് ദൈവത്തിന്റെ ദിവ്യസ്വഭാവം നമ്മുടെ ആത്മാവിലാണ്. നമുക്ക് പൊൻകുടമുണ്ടെങ്കിലും, മിക്കപ്പോഴും നമ്മുടെ ആത്മാവിൽനിന്നും നാം വളരെ ദൂരെയാണെന്നതാണ് പ്രശ്നം. ആത്മാവിൽനിന്നു പുറത്താകുന്നതിന് നിങ്ങൾ മറ്റുള്ളവരുമായി വഴക്കിടുകയോ പോരാടുകയോ ചെയ്യണമെന്നില്ല. സഹോദരന്മാരുമായി തമാശ പറയുമ്പോൾപോലും നിങ്ങൾ ആത്മാവിനു വെളിയിലാണ്. മതഭക്തനായിരിക്കുന്നത് ആത്മാവിലായിരിക്കുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്. മതഭക്തനായിരിക്കുന്നതിലൂടെ നാം മരുഭൂമിയിലേക്ക് വഹിക്കപ്പെടുന്നു. പൊൻകുടം പെട്ടകത്തിലും, പെട്ടകം അതിവിശുദ്ധസ്ഥലത്തും, അതിവിശുദ്ധസ്ഥലം നമ്മുടെ ആത്മാവിനോടും യോജിപ്പിച്ചിരിക്കുന്നു. ഈ ഗീതം ഞാൻ ഇഷ്ടപ്പെടുന്നു:

എന്റെ ആത്മാവിൽ ആഴത്തിൽ
ഞാൻ സ്നേഹിക്കുന്ന കർത്താവിനെ ഞാൻ തൊടും,
അവന്റെ മറഞ്ഞിരിക്കുന്ന ആഴത്തിൽ അവനെ തൊടും
അവന്റെ മറഞ്ഞിരിക്കുന്ന മന്നയെ തെളിയിക്കും.

അതിവിശുദ്ധസ്ഥലത്തിനുള്ളിലാണ് പൊൻകുടമിരിക്കുന്ന ദൈവത്തിന്റെ പെട്ടകമായ ക്രിസ്തു ഉള്ളത്. ഈ ക്രിസ്തുവിൽ ദിവ്യസ്വഭാവവും മറഞ്ഞിരിക്കുന്ന മന്നയും അടങ്ങിയിരിക്കുന്നു, കാരണം മറഞ്ഞിരിക്കുന്ന ക്രിസ്തു ദിവ്യസ്വഭാവത്തിനുള്ളിലാണ്. ക്രിസ്തു എന്ന ഈ വിശേഷ പങ്കിനെ, ഈ പരമോന്നതമായ പങ്കിനെ സ്പർശിക്കണമെങ്കിൽ, നാം ദിവ്യസ്വഭാവത്തെ സ്പർശിക്കണം. തത്ത്വത്തിൽ, ഈ പങ്ക് ആസ്വദിക്കുന്ന ഏവനും അതിവിശുദ്ധസ്ഥലത്തിലാണ്.

അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കുന്ന ഏവനും മഹാപുരോഹിതനോടു കൂടെയാണ്. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു അതിവിശുദ്ധസ്ഥലത്തുണ്ട്, നാമും അവിടെയായിരിക്കണം. നാം പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തോ ഉള്ള പുരോഹിതന്മാരായിരിക്കുക മാത്രമല്ല, നാം പൊൻകുടം ഉള്ളിടമായ അതിവിശുദ്ധസ്ഥലത്തിലെ പുരോഹിതന്മാരായിരിക്കുകയും വേണം. നാം ആ സ്ഥലത്ത് ആയിരിക്കണമെങ്കിൽ നാം ലോകത്തിനും സകലവിധ സാഹചര്യത്തിനും അപ്പുറത്തായിരിക്കണം. ജനത്താൽ ശല്യപ്പെടുത്തപ്പെടുന്നതിൽനിന്നും നാം ദൂരെയായിരിക്കണം. ചിലപ്പോൾ ഒരു ചെറിയ, സന്തോഷകരമല്ലാത്ത വാക്കിനാൽ നാം മുറിവേൽക്കുന്നു. ചിലർ മാസങ്ങളോളം നന്നായി ഉറങ്ങാൻ കഴിയാത്ത അളവോളം അസ്വസ്ഥരാകുന്നു. ഈ രീതിയിൽ നാം അസ്വസ്ഥരാകുന്നുവെങ്കിൽ നമ്മുടെ ആത്മാവിൽനിന്നും നാം വളരെ ദൂരത്തായിരിക്കുകയും, അങ്ങനെ അതിവിശുദ്ധസ്ഥലത്തായിരിക്കുവാൻ നമുക്ക് പ്രയാസമായിരിക്കുകയും ചെയ്യും. നാം നല്ലതോ ചീത്തയോ, തൃപ്തികരമോ അതൃപ്തികരമോ ആയ എല്ലാ സാഹചര്യങ്ങളിൽനിന്നും ദൂരത്തായിരിക്കുമ്പോൾ, പെട്ടകത്തെയും പൊൻകുടത്തെയും സ്പർശിച്ചുകൊണ്ട് നാം ആത്മാവിലാണ്. ഞാൻ വീണ്ടും പറയുന്നു, ഈ പൊൻകുടത്തിലാണ് മറഞ്ഞിരിക്കുന്ന മന്ന—നമ്മുടെ വിശേഷ പങ്കായ മറഞ്ഞിരിക്കുന്ന ക്രിസ്തു ഉള്ളത്. മറഞ്ഞിരിക്കുന്ന മന്നയിൽ നാം പങ്കുകൊള്ളണമെങ്കിൽ ദിവ്യസ്വഭാവത്തെ സ്പർശിച്ചുകൊണ്ട് നാം സ്ഥിരമായി നമ്മുടെ ആത്മാവിലായിരിക്കണം. നമുക്കെല്ലാവർക്കും മുന്നോട്ടു പോയി ഈ അനുഭവത്തിലേക്കു പ്രവേശിക്കാം.